**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 574** | **09-06-2021 - ൽ മറുപടിയ്ക്ക്**

**വനങ്ങളെ കാട്ടുതീയിൽ നിന്ന് സംരക്ഷിക്കാനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ,<br>ശ്രീമതി കാനത്തിൽ ജമീല,<br>ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ,<br>ശ്രീ. പി. നന്ദകുമാർ | | Shri. A. K. Saseendran<br>(വനം, വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ വനങ്ങളെ കാട്ടുതീയിൽ നിന്ന് സംരക്ഷിക്കുന്നതിനായി സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തി ഫയർ അലർട്ട് സിസ്റ്റം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | കാട്ടുതീ ഏതെങ്കിലും വനമേഖലയിൽ ഉണ്ടാവുക യാണെങ്കിൽ ആയത് ഉപഗ്രഹത്തിന്റെ സഹായത്തോടെ കണ്ടെത്തി ബന്ധപ്പെട്ട വനം വകുപ്പ് ഉദ്യോഗസ്ഥർക്ക് വിവരം ലഭിക്കത്തക്കവിധം ഡെറാഡൂൺ ആസ്ഥാന മായ ഫോറസ്റ്റ് സർവ്വേ ഓഫ് ഇന്ത്യ (എഫ്.എസ്.ഐ) ഒരുക്കിയിട്ടുള്ള ഫോറസ്റ്റ് ഫയർ അലർട്ട് സംവിധാനം ഉപയോഗപ്പെടുത്തി വരുന്നുണ്ട്. ഇതിലേയ്ക്കായി സംസ്ഥാനത്തെ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാരും, വൈൽഡ് ലൈഫ് വാർഡന്മാരും, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാരും, ഫോറസ്റ്റ് സ്റ്റേഷന്റെ ചാർജ്ജുള്ള ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാരും, സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാരും, ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരും ഇതിൽ പേര് രജിസ്റ്റർ ചെയ്ത് പ്രസ്തുത സംവിധാനം ഉപയോഗപ്പെടുത്തി വരുന്നു. ഈ സംവിധാനത്തിൽ പൊതുജനങ്ങൾക്കും രജിസ്റ്റർ ചെയ്യാവുന്ന താണ്. ഫോറസ്റ്റ് സർവ്വേ ഓഫ് ഇന്ത്യയുടെ ഔദ്യോഗിക വെബ് സൈറ്റിൽ നൽകിയിട്ടുള്ള ഫോറസ്റ്റ് ഫയർ പോർട്ടൽ ലിങ്കിൽ ന്യൂ യൂസർ രജിസ്ട്രേഷൻ എന്ന ഓപ്ഷനിൽ ക്ലിക് ചെയ്ത് പേരും മൊബൈൽ നമ്പരും രജിസ്റ്റർ ചെയ്താൽ ഫയർ അലർട്ടിന്റെ എസ്.എം.എസ് ലഭ്യമാകുന്നതാണ്. അപ്രകാരം പൊതുജനങ്ങളും, വനം വകുപ്പ് ജീവനക്കാരും ഉൾപ്പെടെ കേരളത്തിൽ നിന്നും 3700 പേർ നാളിതുവരെ ഈ സംവിധാനത്തിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. എഫ്.എസ്.ഐയുടെ ടി സംവിധാനത്തിൽ രജിസ്റ്റർ ചെയ്യുന്ന വ്യക്തിക്ക് ടിയാന്റെ മൊബൈൽ ഫോണിൽ എസ്.എം.എസ് മുഖേന തീയുടെ വിവരം, കൃത്യസ്ഥലം (അക്ഷാംശവും രേഖാംശവും അടക്കം), കൃത്യസ്ഥലത്തിന്റെ ഭൂപടം |

| | | | |
|---|---|---|---|
| | | | ലഭിക്കുന്നതിനുള്ള ലിങ്ക് എന്നിവ ലഭ്യമാകുന്നതാണ്. എഫ്.എസ്.ഐ മുഖേന ലഭിക്കുന്ന കാട്ടുതീ സാദ്ധ്യത അലർട്ടുകളും തീയുണ്ടാകുന്ന പക്ഷം അവയുടെ അലർട്ടുകളും അതാതു ഡിവിഷൻ കൺട്രോൾ റൂമിൽ അറിയിച്ച് കാട്ടുതീയെ ഫലപ്രദമായി നിയന്ത്രിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) | അഗ്നി പ്രതിരോധ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നതിനായി സംസ്ഥാന തലത്തിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന ഫയർ മോണിറ്ററിംഗ് സെല്ലിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | അഗ്നി പ്രതിരോധ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നതിനായി സംസ്ഥാന തലത്തിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന ഫയർ മോണിറ്ററിംഗ് സെല്ലിന്റെ പ്രവർത്തനം 2016 മുതൽ വനം വകുപ്പ് ആസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ട്. ഇതിനു പുറമെ എല്ലാ സർക്കിൾ, ഡിവിഷൻ, റേഞ്ച്, ഫോറസ്റ്റ് സ്റ്റേഷൻ തലങ്ങളിലും ഫയർ സീസണിൽ ഫയർ കൺട്രോൾ റൂമുകളും അടിയന്തര സാഹചര്യങ്ങൾ നേരിടാൻ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ ക്രൈസിസ് മാനേജ്മെന്റ് ടീമും പ്രവർത്തിച്ചുവരുന്നു. ജനുവരി മുതൽ മെയ് വരെയുള്ള ഫയർ സീസണിൽ 24 മണിക്കൂറും ഫയർ കൺട്രോൾ റൂം പ്രവർത്തനക്ഷമ മാക്കിയിട്ടുണ്ട്. ഫോറസ്റ്റ് സർവ്വേ ഓഫ് ഇന്ത്യ (എഫ്.എസ്.ഐ) മുഖാന്തിരം ലഭിക്കുന്ന ഫയർ അലർട്ടുകൾ വനം വകുപ്പാസ്ഥാനത്ത് പ്രവർത്തിക്കുന്ന ഫയർ സെല്ലിൽ നിന്നും യഥാസമയം സർക്കിൾ, ഡിവിഷൻ തല കൺട്രോൾ റൂമുകളിൽ നൽകുകയും തുടർനടപടി സ്വീകരിച്ചുവെന്ന് ഉറപ്പു വരുത്തുകയും ചെയ്യുന്നു. |
| (സി) | കാട്ടുതീ സാധ്യത മുൻകൂട്ടി അറിയുവാൻ ഫയർ വാണിംഗ് സിസ്റ്റം നടപ്പിലാക്കിയിട്ടുണ്ടോ; | (സി) | ഫോറസ്റ്റ് സർവ്വേ ഓഫ് ഇന്ത്യ കാലാവസ്ഥ ഘടകങ്ങൾ ആസ്പദമാക്കി കാട്ടുതീ പടരുവാൻ സാധ്യതയുള്ള സ്ഥലങ്ങളുടെ വിവരം മുൻകൂട്ടി (Forest Fire Early Warning Alert System) ഇ-മെയിൽ മുഖാന്തിരം ലഭ്യമാക്കുന്നു. |
| (ഡി) | കാട്ടുതീയിൽ നിന്നുള്ള വനസംരക്ഷണ പ്രവൃത്തികൾ വിലയിരുത്തുന്നതിനും മറ്റ് വകുപ്പുകളുടെ ഏകോപനം ഉറപ്പുവരുത്തുന്നതിനുമായി രൂപീകരിച്ച സ്റ്റേറ്റ് ലെവൽ മോണിറ്ററിംഗ് കമ്മിറ്റിയുടെ പ്രവർത്തനങ്ങൾ വിശദമാക്കാമോ? | (ഡി) | കാട്ടുതീയിൽ നിന്നുള്ള വനസംരക്ഷണ പ്രവർത്തികൾ വിലയിരുത്തുന്നതിനും മറ്റ് വകുപ്പുകളുടെ ഏകോപനം ഉറപ്പു വരുത്തുന്നതിനു മായി സംസ്ഥാന തലത്തിൽ 14.03.2017-ലെ സർക്കാർ ഉത്തരവ് (ആർ.റ്റി) നമ്പർ 89/2017/വനം പ്രകാരം സ്റ്റേറ്റ് ഫോറസ്റ്റ് ക്രൈസിസ് മാനേജ്മെന്റ് സെൽ രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. വനം വകുപ്പ് മേധാവി ചെയർമാനായിട്ടുള്ള ഈ കമ്മറ്റിയിൽ ചീഫ് വൈൽഡ് ലൈഫ് വാർഡൻ / ഡയറക്ടർ ജനറൽ (ഫയർ & റസ്ക്യൂ സർവീസസ്)/ ലാൻഡ് റവന്യൂ കമ്മീഷണർ / ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസ്, (പി. എച്ച്. ക്യു.) / മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി / ആരോഗ്യ വകുപ്പ് ഡയറക്ടർ / പഞ്ചായത്ത് വകുപ്പ് ഡയറക്ടർ |

| | | | |
|---|---|---|---|
| | | | എന്നിവർ അംഗങ്ങളും അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (F,L&R) കൺവീനറുമാണ്. വരൾച്ച മൂലം വനത്തിന് ഉണ്ടാകാനിടയുള്ള നാശനഷ്ടങ്ങൾ മറ്റു വകുപ്പുകളുമായി ചേർന്ന് വിലയിരുത്തുക, കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾക്ക് വിവിധ വകുപ്പുകളെ ഏകോപിച്ചു കൊണ്ടുള്ള പ്രവർത്തനങ്ങൾ ഉറപ്പു വരുത്തുക, ഭാവിയിലേക്കുള്ള മാർഗ്ഗ നിർദ്ദേശ ങ്ങൾക്കായി അതാത് ഫയർ സീസണുകളെ വിലയിരുത്തുക മുതലായവയാണ് ടി കമ്മറ്റിയുടെ പ്രവർത്തനങ്ങൾ. |

സെക്ഷൻ ഓഫീസർ